# സഹപാഠിക്ക് വീടൊരുക്കാൻ നാടകമേളയുമായി വിദ്യാർഥികൾ

**കാക്കനാട്▸** സഹപാഠിക്ക് സ്നേഹവീട് നിർമിച്ചു നൽകാൻ അമെച്വർ നാടകമേളയുമായി തൃക്കാക്കര ഭാരതമാതാ കോളേജിലെ എൻ.എസ്.എസ്. യൂണിറ്റും മലയാള വിഭാഗവും കൈകോർക്കുന്നു. തിങ്കളാഴ്ച മുതൽ ബുധനാഴ്ച വരെയാണ് അമെച്വർ നാടകമേളയും വിവിധ പരിപാടികളും നടത്തുന്നത്. തിങ്കളാഴ്ച 3.30-ന് പ്രൊഫ. ചന്ദ്രദാസൻ മേള ഉദ്ഘാടനം ചെയ്യും. ചലച്ചിത്രനടൻ പ്രമോദ് വെളിയനാട് മുഖ്യാതിഥിയാവും. പൂമാതൈ തിയേറ്റർ കളക്ടീവ് അവതരിപ്പിക്കുന്ന ഫോക് ബാൻഡും പിന്നീട് എറണാകുളം സംഘ സംസ്കാരയുടെ 'ഗ്രേസി' നാടകവും അരങ്ങേറും. ചൊവ്വാഴ്ച 5.30-ന് ഷേർളി സോമസുന്ദരത്തിന്റെ പ്രഭാഷണവും ലിറ്റിൽ എർത്ത് സ്കൂൾ ഓഫ് തിയേറ്റർ അവതരിപ്പിക്കുന്ന മാർത്താണ്ഡന്റെ സ്വപ്നങ്ങൾ, അവാർഡ് എന്നീ നാടകങ്ങളും നടക്കും. ബുധനാഴ്ച 5.30-ന് മജീഷ്യൻ വിൽസൺ ചമ്പക്കുളം അവതരിപ്പിക്കുന്ന മാജിക് ഷോയും തുടർന്ന് കൊഗ്നിസൻസ് പപ്പറ്റ് തിയേറ്റർ അവതരിപ്പിക്കുന്ന നാടകം പാപ്പിസോറയും നടക്കും. വിവരങ്ങൾക്കും ടിക്കറ്റിനും: 96450 45142.